# ആയിരം യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി

നം.എ5-2939/17/സാം.വ

സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം
തൈയ്ക്കാട്.പി.ഒ, തിരുവനന്തപുരം
തീയതി : 09.05.2018.

## അറിയിപ്പ്

പ്രിയ ഫെലോഷിപ്പ് കാലാകാരന്മാരെ,

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിന്യസിക്കപ്പെടുന്നതിന് മുമ്പായി നിങ്ങൾക്ക് ഒരു പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതുണ്ട്. 14.05.2018 ന് ആരംഭിക്കുന്ന പരിശീലനത്തിനായി എല്ലാ ഫെലോഷിപ്പ് കലാകാരന്മാരും നിശ്ചിത കേന്ദ്രത്തിൽ കൃത്യ സമയത്ത് ഹാജരാകേണ്ടതാണ്. നാലു ദിവസം നീണ്ടു നിൽക്കുന്നതാണ് പരിശീലന പരിപാടി. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ നിയോഗിക്കപ്പെട്ട കലാകാരന്മാർ തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിലും തൃശ്ശൂർ മുതൽ കാസറഗോഡ് വരെയുള്ള ജില്ലകളിൽ നിയോഗിക്കപ്പെട്ട കലാകാരന്മാർ പാലക്കാട് മുണ്ടൂർ ഉള്ള ഇന്റർഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐ.ആർ.റ്റി.സി) യിലും പരിശീലനം നടത്തുന്നതാണ്.

പരിശീലനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | കലാ വിഭാഗം | പരിശീലന തീയതി |
|---|---|---|
| ഇന്റർഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, മുണ്ടൂർ, പാലക്കാട് (തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ്) | | |
| 1. | അഭിയന കല, ലളിതകല, ഫോക് ലോർ കലാരൂപങ്ങൾ | 14.05.2018 മുതൽ 17.05.2018 വരെ |
| 2. | ക്ലാസിക്കൽ കല | 21.05.2018 മുതൽ 24.05.2018 വരെ |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് , തിരുവനന്തപുരം (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ) | | |
| 3. | ക്ലാസിക്കൽ കല, അഭിനയ കല | 15.05.2018 മുതൽ 18.05.2018 വരെ |
| 4. | ലളിതകല, നാടോടി കലാരൂപങ്ങൾ | 22.05.2018 മുതൽ 25.05.2018 വരെ |

പരിശീലനത്തിൽ പങ്കെടുക്കുന്നവർ അതാത് കേന്ദ്രങ്ങളിൽ താമസിക്കേണ്ടതാണ്. താമസവും, ഭക്ഷണ സൗകര്യവും വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. പരിശീലനത്തിന്റെ ആദ്യ ദിവസം രാവിലെ 10.00 മണിക്ക് തന്നെ പരിശീലന കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. ഫെലോഷിപ്പ് കലാകാരന്മാരുടെ പദ്ധതിയിലെ തുടർച്ച പരിശീലന പരിപാടിക്ക് ഹാജരാകുന്നതിന് വിധേയമായിരിക്കുന്നതാണ്.

ഡയറക്ടർ.